# മുഖമൊഴി

2026 വർഷത്തെ ആദ്യലക്കമാണ് ഇത്. ഓൺലൈൻ ആയി ഇറക്കുന്ന രണ്ടാമത്തെ ലക്കം. ഇത് മുതൽ വൈദ്യസംവാദത്തിന് വ്യാപകമായ പ്രചരണം നൽകണമെന്ന് വിചാരിക്കുന്നു. വായനക്കാർ ഓരോരുത്തരും അക്കാര്യം ശ്രദ്ധിയ്ക്കുമല്ലോ - ഇഷ്ടപ്പെട്ട ലേഖനങ്ങൾ സാമൂഹികമാധ്യമങ്ങളിലൂടെ പങ്കുവെച്ചും അഭിപ്രായങ്ങൾ കൂട്ടിച്ചേർത്തും.

ഇത്തവണയും ശ്രദ്ധേയമായ വായനാവിഭവങ്ങളുണ്ട്. വിചിത്രപ്രത്യയാബ്ധതയും പ്രഭാവവും തമ്മിലുള്ള താരതമ്യം എത്തിയ്ക്കുന്ന ആശയക്കുഴപ്പത്തിന് ഒരു പരിഹാരമാണ്, ഗുരുനാഥന്റെ ലേഖനം. വിദ്യാർത്ഥികളെ ഉദ്ദേശിച്ചുതന്നെ എഴുതിയതാണ് അത്. 'മഹാവൈദ്യന്മാർ' പരമ്പരയിൽ തൃക്കോവിൽ രാമവാരിയരെപ്പറ്റി പുത്രി ഭാരതി ടീച്ചർ എഴുതുന്നു. തൃക്കോവിൽ കുടുംബത്തിൽ ധാരാളം വൈദ്യപണ്ഡിതന്മാർ ഉണ്ടായിരുന്നു. ഉഴുത്ര വാരിയർ, രാമവാരിയർ, അച്യുതവാരിയർ, കുഞ്ചുവാരിയർ ഓരോരുത്തരും ചികിത്സ, ഗ്രന്ഥരചന, അധ്യാപനം എന്നീ മേഖലകളിൽ മികവ് തെളിയിച്ചവരാണ്. ഉഴുത്ര വാരിയരെപ്പറ്റി മുൻലക്കത്തിൽ ലേഖനമുണ്ടായിരുന്നു. ഈ ലക്കത്തിൽ ന്യായപണ്ഡിതനും കൂടിയായ രാമവാരിയരുടെ ജീവിതമാണ്, എഴുതപ്പെടുന്നത്.

കഴിഞ്ഞ ലക്കംമുതൽ ആരംഭിച്ച പംക്തിയാണല്ലോ, മുഖാമുഖം. ഈ ലക്കത്തിൽ പ്രഗത്ഭചികിത്സകനായ ഡോ. എം. ആർ. വാസുദേവൻ നമ്പൂതിരിയുമായിട്ടാണ്, സംവാദം. ചികിത്സയും സിദ്ധാന്തവും ഒത്തിണക്കുന്നത് എങ്ങിനെ എന്ന് മുഖാമുഖത്തിൽ വായിയ്ക്കാം. ഉദ്ഗാരം എന്ന ലക്ഷണത്തെ വിശകലനം ചെയ്യുന്നതാണ് മറ്റൊരു ലേഖനം.

വീണ്ടും ചർച്ചചെയ്യേണ്ട വിഷയങ്ങളാണ്, പുനർവായനയിലെ ലേഖനങ്ങൾ. മുടങ്ങിപ്പോയ ഈ പംക്തി വീണ്ടും തുടങ്ങുകയാണ്. ഗവേഷണത്തെപ്പറ്റി തിരുവനന്തപുരം ആയുർവേദ കോളേജ് പ്രിൻസിപ്പളും പണ്ഡിതനുമായിരുന്ന കുമരകം പരമേശ്വരൻപിള്ള എഴുതിയതാണ്, ഇത്തവണ പുനഃപ്രസിദ്ധീകരിക്കുന്നത്.

പഴയ ലക്കങ്ങൾ സ്കാൻ ചെയ്ത് ലഭ്യമാക്കുന്ന നടപടികൾ പൂർത്തിയായിട്ടില്ല. ഉടനെ അത് സാധിയ്ക്കും എന്ന് കരുതുന്നു.

ഈ ലക്കത്തിലേക്ക് ശാസ്ത്രകുതുകികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

മുഖ്യപത്രാധിപർ